(സി) പിറവം കേന്ദ്രമായി താലൂക്ക് രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) എറണാകുളം ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് പുതിയ താലൂക്കുകൾ വേണമെന്നുള്ള ആവശ്യം ഉയർന്നുവന്നിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) റവന്യൂ യൂണിറ്റുകളുടെ പുനഃസംഘടന സംബന്ധിച്ച കമ്മീഷൻ റിപ്പോർട്ടുകൾ ഗവൺമെന്റ് പരിശോധിച്ചു വരുന്നു. ഏതൊക്കെ താലൂക്കുകൾ രൂപീകരിക്കണം എന്നതിനെ സംബന്ധിച്ച് റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(ഡി) കോലഞ്ചേരി, കുത്താട്ടുകുളം തുടങ്ങിയ താലൂക്കുകൾ വേണമെന്ന് ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് സ്വതന്ത്ര വില്ലേജുകളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി

61 (1618) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് സ്വതന്ത്ര വില്ലേജുകളായി പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഹോസ്ദുർഗ്ഗ് മണ്ഡലത്തിലെ ഗ്രൂപ്പ് വില്ലേജുകളായ പുതുകൈ, ബല്ല വില്ലേജുകൾ സ്വതന്ത്ര വില്ലേജുകളായി പ്രഖ്യാപിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) നടപടി പൂർത്തിയാക്കി എത്രയുംവേഗം മേൽപ്പറഞ്ഞ ഗ്രൂപ്പ് വില്ലേജുകൾ സ്വതന്ത്ര വില്ലേജുകളായി പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ബല്ല സ്വതന്ത്ര വില്ലേജായി പ്രഖ്യാപിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ആദ്യഘട്ടമെന്നനിലയിൽ അനുമതി നൽകിയിട്ടുണ്ട്.

കൊടുങ്ങല്ലൂരിൽ ആർ.ഡി.ഒ. ഓഫീസ്

62 (1619) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പ് പുനഃസംഘടിപ്പിക്കുമ്പോൾ കൊടുങ്ങല്ലൂർ കേന്ദ്രമായി ഒരു റവന്യൂ ഡിവിഷൻ ഓഫീസ് ആരംഭിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly